# ജലം

---

**Que.1. ഒരു ഐസ് കട്ട ജലത്തിൽ പോങ്ങിക്കിടക്കുന്നു.കാരണമെന്ത്**

**[Marks :(2)]**

**Ans.** ജലം ഐസാകുമ്പോൾ വികസിക്കുകയും വ്യാപ്തം കൂടുകയും സാന്ദ്രത കുറയുകയും ചെയ്യും.

**Que.2. (a) ജലത്തിൽ. മറ്റു പദാർത്ഥങ്ങളെ അപേക്ഷിച്ച് ഉയർന്ന താപം താങ്ങുവാനുള്ള കഴിവ് ജലത്തിനുണ്ട്.**

**(b) താപധാരിത , ഏതെങ്കിലും അനുയോജ്യമായ ഒരുസന്ദർഭം എഴുതിയിട്ടുണ്ട്.**

**[Marks :(4)]**

**Ans.** (a) ജലത്തിൽ. മറ്റു പദാർത്ഥങ്ങളെ അപേക്ഷിച്ച് ഉയർന്ന താപം താങ്ങുവാനുള്ള കഴിവ് ജലത്തിനുണ്ട്.

(b) താപധാരിത , ഏതെങ്കിലും അനുയോജ്യമായ ഒരുസന്ദർഭം എഴുതിയിട്ടുണ്ട്.

**Que.3. രണ്ട് പ്രസ്താവനകൾ താഴെ നൽകിയിരിക്കുന്നു.**

**പ്രഷർ കുക്കറിൽ ജലം തിളക്കുന്നത് 1200C ൽ ആണ്.**

**ഉയർന്ന പർവ്വത പ്രദേശങ്ങളിൽ ജലം തിളക്കുന്നത് 1000C നേക്കാൾ താഴ്ന്ന താപനിലയിലാണ്.**

**ഈ രണ്ട് സന്ദർഭങ്ങളിലും തിളനിലയിലെ വ്യത്യാസത്തിന് കാരണമെന്ത് ?**

**മുകളിൽ കൊടുത്തിരിക്കുന്ന ഏത് സന്ദർഭത്തിലാണ് എളുപ്പത്തിൽ ആഹാരം പാചകം ചെയ്യാൻ കഴിയുന്നത് ?**

**[Marks :(3)]**

**Ans.** ഉയർന്ന മർദ്ദം കാരണമാണ് തിളനില കൂടിയത്. പർവ്വത പ്രദേശങ്ങളിൽ അന്തരീക്ഷ മർദ്ദം കുറയുന്നതിനാൽ തിളനിലയും കുറയും.

പ്രഷർകുക്കറിൽ

**Que.4. മർദ്ദം കൂടുമ്പോൾ തിളനിലയും കൂടുന്നു .ഈ പ്രതിഭാസം അനുസരിച്ചു പ്രവർത്തിക്കുന്ന ഒരു ഉപകരണം ഏത്? ?**

**ഇലക്ട്രിക് കെറ്റിൽ,പ്രഷർകുക്കർ,വാഷിംഗ് മെഷീൻ, ഇലക്ട്രിക് സ്റ്റൗ**

**[Marks :(1)]**

**Ans.** പ്രഷർകുക്കർ

**Que.5. തിളച്ച വെള്ളംകൊണ്ടുള്ള പൊള്ളലിനേക്കാൾ അപകടകരമാണ് അതേ താപനിലയിലുള്ള നീരാവി കൊണ്ടുള്ള പൊള്ളൽ. ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ ? ഉത്തരം സാധൂകരിക്കുക.**

**[Marks :(3)]**

**Ans.** അനുകൂലിക്കുന്നു

ജലം തിളച്ചു തുടങ്ങുന്നതു മുതൽ അതിന് കൊടുക്കുന്ന താപം മുഴുവൻ അവസ്ഥാമാറ്റത്തിനുവേണ്ടി ഉപയോഗിക്കുന്നു, താപനില 1000 C ൽ തന്നെ തുടരുന്നു.അതുകൊണ്ട് നീരാവിയിൽ തിളച്ച വെള്ളത്തേക്കാൾ അധികതാപം അടങ്ങിയിരിക്കുന്നു

**Que.6. ഒരു ഐസ് കട്ടയാണ് ചിത്രത്തിൽകാണിച്ചിരിക്കുന്നത്.**



**1.ജലം ഈ അവസ്ഥയിലേക്ക് മാറുന്നത് ഏത് താപനിലയിലായിരിക്കുമ്പോഴാണ് ?**

**2.ഇത് ദ്രാവകാവസ്ഥയിലായിരിക്കുമ്പോഴുണ്ടാകുന്ന തൻമാത്രാക്രമീകരണം ചിത്രീകരിക്കുക.**

**[Marks :(3)]**

**Ans.** (a) OOC /OOC -ൽ താഴെ

(b) ശരിയായ തൻമാത്രാക്രമീകരണം ചിത്രീകരിച്ചിട്ടുണ്ട്

**Que.7. ജലത്തിന്റെ തിളനിലകണ്ടെത്താൻ നടത്തിയ പരീക്ഷണത്തിലെ ഏതാനും നിരീക്ഷണഫലങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.**

**പരീക്ഷണത്തിനു മുമ്പ് ജലത്തിന്റെ താപനില സാധാരണ അന്തരീക്ഷ താപനിലയായിരുന്നു.**

**തെർമോമീറ്ററിൽ റീഡിംഗ് 1000 സെൽഷ്യസിലെത്തിയപ്പോൾ താപനില ഉയരാതെ നിന്നു.**

**ജലം പൂർണമായും നീരാവി ആകും വരെ തെർമോമീറ്റർ റീഡിംഗിൽ യാതൊരു മാറ്റവും കാണാൻ**

**കഴിഞ്ഞില്ല.**

**ജലത്തിന്റെ തിളനില എത്ര ?**

**ജലത്തിന്റെ തിളനിലയ്ക്ക് മുകളിൽ ജലം ഏത് അവസ്ഥയിലായിരിക്കും ?**

**ഏതൊക്കെ താപനിലയ്ക്ക് ഇടയിലാണ് ജലം ദ്രാവകരൂപത്തിൽ കാണപ്പെടുന്നത് ?**

**ജലം പൂർണമായും നീരാവി ആകും വരെ തെർമോമീറ്റർ റീഡിംഗിൽ യാതൊരു മാറ്റവും കാണാൻ കഴിഞ്ഞില്ല.എന്തുകൊണ്ട് ?**

**[Marks :(4)]**

**Ans.** $100^0C$

വാതകാവസ്ഥ

$0^0C$നും $100^0C$നും ഇടയിൽ

തിളച്ചു തുടങ്ങുന്നതുമുതൽ അതിനു നൽകുന്ന താപം മുഴുവൻ അവസ്ഥാപരിവർത്തനത്തിന് ഉപയോഗിക്കുന്നതിനാൽ.

**Que.8. മൂന്ന് തരം ജലസാമ്പിളുകളിൽ സോപ്പ് ചേർത്തപ്പോൾ ലഭിച്ച നിരീക്ഷണങ്ങൾ താഴെ നൽകിയിരിക്കുന്നു.**

**സാമ്പിൾ A-സോപ്പ് നന്നായി പതയുന്നില്ല. പക്ഷേ തിളപ്പിച്ചപ്പോൾ സോപ്പ് നന്നായി പതയുന്നു.**

**സാമ്പിൾ B- സോപ്പ് നന്നായി പതയുന്നു**

**സാമ്പിൾ C- തിളപ്പിച്ചതിനു ശേഷവും സോപ്പ് നന്നായി പതയുന്നില്ല.**

**a) സാമ്പിൾ A ഏതു തരം ജലകാഠിന്യമാണ് പ്രദർശിപ്പിക്കുന്നത്?**

**b)ഇത്തരം ജലകാഠിന്യത്തിനു കാരണമായ ഒരു ലവണത്തിന്റെ പേരെഴുതുക.**

**c)സാമ്പിൾ C ഏതു തരം ജലകാഠിന്യമാണ് പ്രദർശിപ്പിക്കുന്നത്?**

**d)ഇത്തരം ജലകാഠിന്യം നീക്കം ചെയ്യാൻ ഒരു മാർഗം നിർദേശിക്കുക.**

**[Marks :(2)]**

**Ans.** a)താത്കാലിക കാഠിന്യം

b)കാൽസ്യം ബൈകാർബണേറ്റ് / മഗ്നീഷ്യം ബൈകാർബണേറ്റ്

c)സ്ഥിരകാഠിന്യം

d)അനുയോജ്യമായ രാസവസ്തുക്കൾ ചേർക്കുക.

**Que.9. മഴവെള്ള സംഭരണം ജലക്ഷാമം പരിഹരിക്കാൻ സഹായകമാണ്. ജലക്ഷാമം പരിഹരിക്കാൻ മറ്റേതെങ്കിലും ഒരു മാർഗം എഴുതുക ?**

**[Marks :(2)]**

**Ans.** മാർഗം നിർദ്ദേശിച്ചിട്ടുണ്ട്

**Que.10. ഒരു ബീക്കറിൽ 100 mL ജലവും മറ്റൊന്നിൽ 100mLവെളിച്ചെണ്ണയും എടുത്ത് ഫ്രീസറിൽ വെക്കുന്നു.**

**തണുത്തുറയുമ്പോൾ രണ്ടിന്റേയും വ്യാപ്തത്തിൽ എന്തുവ്യത്യാസമാണ് നിരീക്ഷിക്കുവാൻ കഴിയുക ?**

**ചില്ലുകുപ്പികളിൽ ജലം പൂർണമായും നിറച്ച് ഫ്രീസറിൽ വെക്കാൻ പാടില്ല എന്ന് പറയുന്നതെന്തുകൊണ്ട് ?**

**[Marks :(2)]**

**Ans.** ജലത്തിന്റെ വ്യാപ്തം കൂടുന്നതായി കാണപ്പെടുന്നു. വെളിച്ചെണ്ണയുടെ വ്യാപ്തം കുറയുന്നു.

ചില്ലുകുപ്പി പൊട്ടാൻ സാധ്യതയുണ്ട്.ജലം തണുക്കുമ്പോൾ അതിന്റെ വ്യാപ്തം വർദ്ദിക്കുന്നു

**Que.11. ഫിഷ് ടാങ്കിൽ വളർത്തുന്നമത്സ്യത്തിന് ആവശ്യത്തിലധികം ഭക്ഷണപദാർത്ഥം ഇട്ടുകൊടുക്കുന്നത് നല്ലതല്ല.ഈ പ്രസ്താവനയുടെ . ന്യായീകരണമെന്ത് ?**

**[Marks :(3)]**

**Ans.** ഭക്ഷണ പദാർത്ഥങ്ങൾ ജീർണിക്കുന്നത് ജലത്തിൽ ലയിച്ചു ചേർന്നിട്ടുള്ള ഓക്സിജൻ ഉപയോഗിച്ചാണ് വിഘടിക്കുന്നത്. ജലത്തിൽ ഓക്സിജന്റെ അഭാവം മത്സ്യങ്ങളുടെ നാശനത്തിന് കാരണമാകും.

**Que.12. പ്രതലബലം ബലം എന്തെന്ന് വിശദമാക്കുക ?**

**ജലത്തിന്റെ പ്രതലബലം എങ്ങനെ കുറയ്ക്കാം?സോപ്പ് ഉപയോഗിക്കുമ്പോൾ വസ്ത്രങ്ങൾ വേഗത്തിൽ വൃത്തിയാകുന്നതെന്തുകൊണ്ട്?**

**[Marks :(3)]**

**Ans.** നിർവചനം എഴുതിയിട്ടുണ്ട്.

ജലത്തിന്റെ കൂടിയ പ്രതലബലം കാരണം വസ്ത്രത്തിലുള്ള അഴുക്കിനെ എളുപ്പത്തിൽ നീക്കം ചെയ്യാൻ കഴിയില്ല.സോപ്പിന്

പ്രതലബലം കുറയ്ക്കാൻ കഴിയും. അതിനാൽ വസ്ത്രങ്ങൾ വേഗത്തിൽ വ്യത്തിയാകുന്നു.

**Que.13. ഒരേ അളവിൽ ജലവും വെളിച്ചണ്ണയും എടുത്ത ബീക്കറുകൾ ചൂടാക്കുന്നു.നിശ്ചിത ഇടവേളകളിൽ താപനില രേഖപ്പെടുത്തുന്നു.**

**പട്ടിക വിശകലനം ചെയ്ത് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

| പദാർത്ഥം | സമയം | താപനില | മാസ് |
|---|---|---|---|
| ജലം | 5മിനുട്ട് | 950C | 200g |
| വെളിച്ചെണ്ണ | 5മിനുട്ട് | 1200C | 200g |

**വേഗത്തിൽ ചൂടാകുന്ന പദാർത്ഥമേത് ?**

**താപനിലയിലെ ഈ വ്യത്യാസത്തിന് കാരണമെന്തന്ന് വിശദീകരിക്കുക**

**[Marks :(3)]**

**Ans.** വെളിച്ചെണ്ണ

ജലത്തിന് കൂടുതൽ അളവിൽ താപം താങ്ങുവാനുള്ള കഴിവുണ്ട് / താപധാരിത കുടുതലാണ്.അതിനാൽ അത് സാവധാനം ചൂടാകുന്നു.

**Que.14. പർവ്വത പ്രദേശങ്ങളിൽ പ്രഷർകുക്കർ ഉപയോഗിച്ചില്ലെങ്കിൽ പാചകത്തിന് ചിലവേറും**

**ഈ പ്രസ്താവനുയോടുള്ളു നിങ്ങളുടെ പ്രതികരണമെഴുതുക ?**

**[Marks :(2)]**

**Ans.** പർവ്വതപ്രദേശങ്ങളിൽ ജലത്തിന്റെ തിളനില 1000 C താഴെയാണ് അതിനാൽ ആഹാരം പാകം ചെയ്യാൻ കൂടുതൽ സമയം ആവശ്യമായതിനാൽ ഇന്ധനം കൂടുതൽ ചെലവാകുന്നു.

**Que.15. ജലത്തിൽ ലയിച്ചു ചേർന്ന ഓക്സിജനാണ് ജലജീവികൾ ഉപയോഗിക്കുന്നത്.ഇതിന്റെ അളവ് കുറയുന്നതിനനുസരിച്ച് ജലം മലിനീകരിക്കപ്പെടുന്നു.**

**ഓക്സിജന്റെ അളവ് കുറയുന്നതിനിടയാക്കുന്ന സാഹചര്യം എഴുതുക.**

**ജലമലിനീകരണത്തിന് കാരണമാകുന്ന ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ എഴുതുക**

**ജലമലിനീകരണം തടയാൻ ഒരു മാർഗം നിർദ്ദേശിക്കുക .**

**[Marks :(4)]**

**Ans.** ജൈവമാലിന്യങ്ങൾ ജലത്തിൽ അഴുകുന്നതിന് ജലത്തിൽ ലയിച്ചുചേർന്ന ഓക്സിജൻ ഉപയോഗിക്കുന്നതിനാൽ.

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിന്ലാൽ.

അമിത രാസവളപ്രയോഗം./മറ്റു ശരിയായ ഉത്തരങ്ങൾ

അനുയോജ്യമായ മാർഗം എഴുതിയിട്ടുണ്ട്.

**Que.16. ജലത്തിന്റെ മൂന്ന് സാമ്പിളുകൾ നൽകിയിരിക്കുന്നു.**

**A.മഗ്നീഷ്യം സൾഫേറ്റ് ലയിച്ചു ചേർന്ന ജലം.**

**B.മഴ വെള്ളം.**

**C.കാൽസ്യം ബൈ കാർബണേറ്റ് ലയിച്ചു ചേർന്ന ജലം.**

**1.ഏത് സാമ്പിളുകളിലാണ് സോപ്പ് നന്നായി പതയുന്നത്?**

**2.ചൂടാക്കിയാൽ മാത്രം സോപ്പ് നന്നായി പതയുന്ന സാമ്പിൾ ഏത്?**

**3.സോപ്പ് നന്നായി പതയാത്ത സാമ്പിൾ ഏത്?**

**[Marks :(3)]**

**Ans.** 1. B

2.C

3.A

**Que.17. ജലം ഒരു സാർവിക ലായകമാണെന്ന് പറയുന്നതെന്തു കൊണ്ട് ?**

**[Marks :(2)]**

**Ans**. ഏതു പദാർത്ഥം ചേർത്താലും ചേർത്ത പദാർത്ഥത്തെ ലയിപ്പിക്കുവാനും അതിന്റെ സ്വഭാവം സ്വീകരിക്കുവാനും ജലത്തിന് കഴിയും. / വ്യാപകമായി ലായനികൾ ഉണ്ടാക്കാൻ കഴിയുന്നു.

**Que.18. പട്ടിക പൂർത്തീകരിക്കുക**

| **പദാർത്ഥം** | **പരീക്ഷണം** | **നിരീക്ഷണം** |
|---|---|---|
| **സാധാരണ ജലം** | **ചുവപ്പ്,നീല ലിറ്റ്മസ് പേപ്പർ മുക്കുന്നു** | **a** |
| **ആസിഡ് ചേർത്ത ജലം** | **ചുവപ്പ്,നീല ലിറ്റ്മസ് പേപ്പർ മുക്കുന്നു** | **b** |
| **ആൽക്കലി ചേർത്ത ജലം** | **ചുവപ്പ്,നീല ലിറ്റ്മസ് പേപ്പർ മുക്കുന്നു** | **c** |

**[Marks :(3)]**

**Ans.** a) മാറ്റമില്ല.

(b) നീല ചുവപ്പാകുന്നു.

(c) ചുവപ്പ് നീലയാകുന്നു.

**Que.19. അനുയോജ്യമായവിധം ചേർത്തെഴുതുക.**

| ലോഹങ്ങൾ | രാസപ്രവർത്തനം |
|---|---|
| സോഡിയം | നീരാവിയുമായി പ്രവർത്തിക്കുന്നു. |
| മെഗ്നീഷ്യം | തണുത്ത ജലവുമായി പ്രവർത്തിക്കുന്നു. |
| സ്വർണ്ണം | ചൂടുള്ള ജലവുമായി പ്രവർത്തിക്കുന്നു. |
| ഇരുമ്പ് | ജലവുമായി പ്രവർത്തനമില്ല |

**[Marks :(4)]**

**Ans.** അനുയോജ്യമായവിധം ചേർത്തെഴുതിയിട്ടുണ്ട്.

**Que.20. ജലം വിഘടിപ്പിക്കുന്നതിനുള്ള ഒരു ഉപകരണത്തിന്റെ ചിത്രം നല്കിയിരിക്കുന്നു**




**മുകളിൽ കൊടുത്തിരിക്കുന്ന ഉപകരണത്തിന്റെ പേരെന്ത് ?**

**A,B ഇവ ഏതൊക്കെ വാതകങ്ങളാണ്?**

**ജലതൻമാത്രയിലെ ഹൈഡ്രജൻ, ഓക്സിജൻ എന്നീ ആറ്റങ്ങൾ തമ്മിലുള്ള അംശബന്ധമെന്ത് ?**

**[Marks :(3)]**

**Ans.**

ഹോഫ് മാൻ ജലവോൾട്ടാമീറ്റർ/ജലവോൾട്ടാമീറ്റർ

A-ഹൈഡ്രജൻ, B-ഓക്സിജൻ

2:1

**Que.21. ചിത്രം പരിശോധിച്ച് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക,ഈ ഉപകകരണം തിരിച്ചറിയുക.**



**ജലം വിഘടിക്കുമ്പോൾ ലഭിക്കുന്ന പദാർത്ഥങ്ങൾ ഏതൊക്കെ ?**

**ബാറ്ററിയുടെ നെഗറ്റീവ് ധ്രുവവുമായി ബന്ധിപ്പിച്ച ടെസ്റ്റ്ട്യൂബിൽ ലഭിക്കുന്ന വാതകമേത്?**

**ബാറ്ററിയുടെ പോസറ്റീവ് ധ്രുവവുമായി ബന്ധിപ്പിച്ച ടെസ്റ്റ്ട്യൂബിൽ ലഭിക്കുന്ന വാതകമേത്?**

**[Marks :(4)]**

**Ans.**

1. ജലവോൾട്ടാമീറ്റർ
2. ഹൈഡ്രജനും,ഓക്സിജനും
3. ഹൈഡ്രജൻഓക്സിജൻ

**Que.22. ദ്രാവകത്തുള്ളികൾ ഗോളാകൃതി പ്രാപിക്കുവാനുള്ള പ്രവണത കാണിക്കുന്നു.**

**ഈ പ്രവണതയ്ക്ക് കാരണമായ പ്രതിഭാസമേത് ?വിശദീകരിക്കുക ?**

**[Marks :(3)]**

**Ans.** പ്രതലബലം,പ്രതലബലം മൂലം ഒരു ദ്രാവകം അതിന്റെ ഉപരിതല പരപ്പളവ് കുറയ്ക്കാൻ

ശ്രമിക്കും.ഗോളാകൃതിയാകുമ്പോഴാണ് ഉപരിതല പരപ്പളവ് ഏറ്റവും കുറയുക

**Que.23. (a) ചില വസ്തുക്കൾ നൽകിയിരിക്കുന്നു. ഇവ ഉപയോഗിച്ച് പ്രതലബലം ഒരു ദ്രാവകപ്രതലത്തിന്റെ പരപ്പളവ് കുറയ്ക്കുന്നു എന്ന് തെളിയിക്കുന്ന ഒരു പരീക്ഷണം ആസൂത്രണം ചെയ്യുക .**

**(സാമഗ്രികൾ: വള, സോപ്പുവെള്ളം, നൂൽ)**

**(b) നിരീക്ഷണഫലങ്ങൾ,നിഗമനം എന്നിവ എഴുതുക.**

**[Marks :(4)]**

Ans.

a) പരീക്ഷണരീതി.

(b) നിരീക്ഷണഫലങ്ങൾ,നിഗമനം എന്നിവ എഴുതിയിട്ടുണ്ട്.

**Que.24. ജലത്തിന്റെ ഉപരിതലത്തിൽ ഒരു ബ്ലേഡ് ശ്രദ്ധയോടെ വെച്ചാൽ അത് താഴ്ന്ന്പോകാറില്ല.**

**ഇതിന് കാരണമായ പ്രതിഭാസമേത് ?**

**ദ്രാവകോപരിതലത്തിലാണ് ഈ പ്രതിഭാസം അനുഭവപ്പെടുന്നത്.എന്തുകൊണ്ട് ?**

**[Marks :(3)]**

**Ans.**

1. **പ്രതലബലം**
2. **ദ്രാവകോപരിതലത്തിലെ തൻമാത്രകളെ വശങ്ങളിലേക്കും,താഴേക്കും മാത്രം ആകർഷിക്കപ്പെടുന്നതിനാൽ ദ്രാവകോപരിതലം വലിച്ചുകെട്ടിയ പാടപോലെ പ്രവർത്തിക്കുന്നതിനാൽ.**

**Que.25. ഫ്രീസറിൽ ജലം നിറച്ചുവെച്ച ചില്ലുകുപ്പി പിറ്റേ ദിവസം എടുത്തപ്പോൾ**

**പൊട്ടിയിരിക്കുന്നതായി കണ്ടു**

**കുപ്പി പൊട്ടാൻ കാരണമെന്ത് ?**

**[Marks :(4)]**

**Ans.** (a) ജലം ഉറച്ച് കട്ടയാകുമ്പോൾ വ്യാപ്തം കൂടുന്നതുകൊണ്ട്.